നാഥ പുറത്ത് ജോലിക്കുപോകുമ്പോൾ കുടിവെള്ളത്തിനുവേണ്ടി വീട്ടിലെ കുട്ടികൾ കാത്തിരിക്കേണ്ടി വരുന്നു. ഇങ്ങനെ പല ദിവസങ്ങളിലും ഇവരുടെ സ്കൂളിൽ പോക്ക് മുടങ്ങുന്നു. ഈ രീതിയിലും ഇവരുടെ വിദ്യാഭ്യാസം മുടങ്ങി. ഇത് പ്ലാച്ചിമടയിലെ സാധാരണക്കാരുടെ സാമൂഹ്യപരമായ ഉയർച്ചയെ കാര്യമായി ബാധിച്ചു. പ്രായപൂർത്തിയായവർക്ക് പുറത്തുപോയി ജോലി ചെയ്യേണ്ട സാഹചര്യം ഉണ്ടായി. സാമ്പത്തിക പ്രതിസന്ധി ഉണ്ടായതുമൂലം പല സാമൂഹിക നേട്ടങ്ങളും ഇവർക്ക് ഉണ്ടായില്ല. സാമൂഹ്യ നഷ്ടം കണക്കാക്കുമ്പോൾ ഇതുകൂടി കണക്കാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കൊക്കകോള കമ്പനി മൂലമുള്ള നഷ്ടത്തിന്റെ സ്വഭാവവും തോതും ഉന്നതാധികാരസമിതി കണക്കാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

i. ഉന്നതാധികാരസമിതിയുടെ യോഗത്തിൽ നിരീക്ഷണത്തിനുള്ള അവകാശം മാധ്യമപ്രവർത്തകർക്കും സമരസമിതിക്കും നഷ്ടം സംഭവിച്ചവർക്കും നൽകണം.

ii. ഉന്നതാധികാരസമിതി പൊതു തെളിവെടുപ്പ് നടത്തണം.

iii. പ്ലാച്ചിമടയിലെ ജലം റീചാർജ് ചെയ്യുന്ന നിരക്ക് സംബന്ധിച്ച് വിദഗ്ധാഭിപ്രായം തേടുക.

iv. ഭൂജലനിയമത്തിലെ (സെ) 15ലെ അധികാരം ഉപയോഗപ്പെടുത്തി താഴെ പറയുന്ന രേഖകൾ ശേഖരിക്കുകയും പഠനം നടത്തുകയും.

1. കേരള മലിനീകരണനിയന്ത്രണ ബോർഡിന്റെ ഇത് സംബന്ധിച്ച എല്ലാ റിപ്പോർട്ടുകളും.
2. ഭൂഗർഭജലവകുപ്പിന്റെ ഇതു സംബന്ധിച്ച എല്ലാ പഠനങ്ങളും.
3. കേന്ദ്ര ജലബോർഡിന്റെ റിപ്പോർട്ടുകൾ.
4. പഞ്ചായത്ത് കൊക്കകോളക്കെതിരെ നടപടിയെടുക്കാൻ കാരണമായ വസ്തുതകൾ.
5. ആരോഗ്യവകുപ്പിന്റെ പരിശോധനാ വിവരങ്ങൾ.
6. മാർച്ച് 4 (2002)ന് സർഗ്ഗം മെറ്റൽസ് ലബോറട്ടറീസ് നടത്തിയ പഠനം.
7. ബി.ബി.സി 4ന്റെ ജൂലൈ 25ന് (2003)ന്റെ റിപ്പോർട്ടിങ്ങിനാധാരമായ വസ്തുതകൾ.
8. സെന്റർ ഫോർ സയൻസ് ആന്റ് എൻവറോൺമെന്റിന്റെ ആഗസ്റ്റ് 5 (2003)ലെ റിപ്പോർട്ടിന്റെ വിവരങ്ങൾ.
9. സുപ്രീംകോടതി മോണിട്ടറിങ് കമ്മിറ്റിയുടെ നിഗമനങ്ങൾ. (സന്ദർശിച്ചത് ഒക്ടോബർ 14 2003)
10. ഹസാർഡ്സ് സെന്റർ (The Hazards Centre, New Delhi) പീപ്പിൾ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് (People Science Institute, Dehradun) എന്നിവയുടെ പഠനങ്ങൾ.
11. ജോയിന്റ് കമ്മിറ്റി ഓൺ പെസ്റ്റിസൈഡ് റെസിഡ്യൂസ് ഇൻ ആന്റ് സേഫ്റ്റി സ്റ്റാന്റേർഡ് ഫോർ സോഫ്റ്റ് ഡ്രിങ്ക്സ്, ഫ്രൂട്ട് ജ്യൂസ് ആന്റ് ബീവറേജസിന്റെ (ജനുവരി 2004) നിഗമനങ്ങൾ.
12. ഗ്രൗണ്ട് വാട്ടർ മാനേജ്മെന്റ് ആന്റ് ഓണർഷിപ്പ് സംബന്ധിച്ച പ്ലാനിങ് കമ്മീഷന്റെ വിദഗ്ധസമിതി (സെപ്തംബർ 2007) റിപ്പോർട്ടിലെ നിഗമനങ്ങൾ

v. ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും രേഖകളുടെ സ്വരൂപണം.

vi. ഉന്നതാധികാര സമിതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമരസമിതിയെ അറിയിക്കൽ.

ഈ നിവേദനത്തിന്റെ കാര്യങ്ങൾ പൂർണ്ണമായും പരിഗണിക്കപ്പെടുമെന്ന വിശ്വാസത്തോടെ,

പ്ലാച്ചിമട സമരഐക്യദാർഢ്യസമിതി

ബന്ധങ്ങൾക്ക് :

9744831675, 9446669806

---

ലോകനിക്ഷേപക മേള

# കേരളത്തെ വിൽക്കുന്നു

2009 ജൂലൈ 24, 25 തിയ്യതികളിൽ കൊച്ചിയിൽവെച്ച് നടത്തുന്ന ലോക നിക്ഷേപക മേള റിയൽ എസ്റ്റേറ്റ് മാഫിയകൾക്കും കുത്തകകൾക്കും നഗരഭൂമിയിൽ അനുബന്ധസൗകര്യങ്ങളും തീറെഴുതിക്കൊടുക്കാനുള്ള സർക്കാറിന്റെ രഹസ്യനീക്കമാണ്. ടൂറിസ്റ്റ് റിസോർട്ടുകൾ, ഹോം സ്റ്റേ പദ്ധതികൾ എന്നിവ അടങ്ങുന്ന സംരംഭങ്ങളിൽ പണം നിക്ഷേപിക്കാൻ താൽപര്യമുള്ള വിദേശകമ്പനികളെ ആകർഷിക്കുന്നതോടൊപ്പം ഇവരുമായി സഹകരിക്കാൻ സാധ്യതയുള്ള കേരളത്തിലെ നിക്ഷേപകരെ കൂടി പങ്കെടുപ്പിക്കാനാണ് മേള സംഘടിപ്പിച്ചിട്ടുണ്ട്. എതിർപ്പുകളെ ഇല്ലാതാക്കാൻ മേളയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം കേരള ചേമ്പർ ഓഫ് കോമേഴ്സ് & ഇന്റസ്ട്രീസിനെയാണ് സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ ഇതിനായുള്ള അണിയറനീക്കങ്ങളിൽ സർക്കാർ വകുപ്പുകൾ സജീവമായുണ്ട്. മേളയിൽ ധാരണയാകുന്ന പദ്ധതികൾക്ക് സെസ് മോഡൽ പരിഗണന ലഭിക്കുന്നതിനാൽ രാജ്യത്തിനകത്തും, പുറത്തുമുള്ള സാമ്പത്തിക ശക്തികൾ മേളയിൽ സജീവമായി ഇടപെടാൻ കോപ്പ് കൂട്ടുന്നു. കേരളത്തിന്റെ മണ്ണും പ്രകൃതിയും കുത്തകകൾക്ക് തീറെഴുതുന്ന ഈ നിക്ഷേപസംഗമത്തിന്റെ പിന്നിലെ നിക്ഷിപ്ത താൽപര്യങ്ങൾ തുറന്നുകാട്ടപ്പെടേണ്ടതാണ്.

## ബിജു എസ്. ബാലൻ ഫെല്ലോഷിപ്പ് വി.പി. റജീനയ്ക്ക്

ബിജു എസ്. ബാലന്റെ അനുസ്മരണ കേരളീയം പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വി.പി. റജീനയ്ക്ക് (മാധ്യമം) നൽകി. കേരളത്തിലെ ആശുപത്രി മാലിന്യങ്ങളെക്കുറിച്ച് നടത്തുന്ന പഠനറിപ്പോർട്ടിനാണ് ഫെല്ലോഷിപ്പ്. ജൂൺ 28ന് തൃശൂരിൽ നടന്ന ചടങ്ങിൽ മാധ്യമപ്രവർത്തകൻ ശശികുമാർ 10,002 രൂപയുടെ ഫെല്ലോഷിപ്പ് നൽകി. എം. സുചിത്ര ചെയർ പേഴ്സനും, കെ. രാജഗോപാൽ, ഡോ.എസ്. ശങ്കർ, ഡോ. സി.എസ്. വെങ്കിടേശ്വരൻ, സി. സി.ആർ.നീലകണ്ഠൻ എന്നിവർ അംഗങ്ങളായ ജൂറിയാണ് റജീനയെ തിരഞ്ഞെടുത്തത്.